(ബി) ഇതിനായി ബോർഡ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ഇത്തരത്തിൽ അമിത നികുതി ഈടാക്കുന്നതിൽ നിന്നും കെ.എസ്.ഇ.ബി. പിൻമാറുമോ;വിശദമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡ് ജീവനക്കാരുടെ ശമ്പളം, വിരമിക്കൽ ആനുകൂല്യങ്ങൾ എന്നിവയിൽ നിന്നുള്ള വരുമാന നികുതി അതാത് കാലത്ത് നിലവിലുള്ള ആദായ നികുതി നിയമം, 1961-ലെ വകുപ്പുകൾക്ക് അനുസൃതമായാണ് ഈടാക്കുന്നത്.

(ബി) നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി.-യിൽ നിന്നും ഈ വർഷം പുറപ്പെടുവിച്ച സർക്കുലറുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.

(സി) ആദായ നികുതി നിയമം അനുശാസിക്കുന്ന ആദായ നികുതിയാണ് കെ.എസ്.ഇ.ബി. ലിമിറ്റഡ് ജീവനക്കാരിൽ നിന്നും ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്കുന്നത്. ആദായ നികുതിയിൽ ഇളവുകൾ അനുവദിക്കേണ്ടത് കേന്ദ്ര സർക്കാർ ആണ്. കെ.എസ്.ഇ.ബി.-ക്ക് ജീവനക്കാരെ ആദായ നികുതിയിൽ നിന്നും ഒഴിവാക്കാനാവില്ല.

നഗര പുനരാവിഷ്കൃത ഊർജ്ജിത ഊർജ്ജ വികസന പദ്ധതി

8 (3161) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. എ. ടി. ജോർജ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി., നഗര പുനരാവിഷ്കൃത ഊർജ്ജിത ഊർജ്ജ വികസന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) സമ്പൂർണ്ണ വൈദ്യുതീകരണത്തിന് പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് പ്രസ്തുത പദ്ധതി നടത്തിപ്പിനായി ലഭിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. പദ്ധതിയുടെ പാർട്ട്-എയുടെ ഭാഗമായിട്ടുള്ള 43 നഗരങ്ങളിലേക്കുള്ള വിവരസാങ്കേതിക വിദ്യ പദ്ധതികൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നിന്നും സ്റ്റേ വന്നതിനെ തുടർന്ന ഒരു കേസ് കാരണം ആരംഭിക്കാൻ വൈകി. കോടതി വിധി വന്നതിനുശേഷം 7-11-2012-നാണ് ഈ പദ്ധതികൾ പുനരാരംഭിച്ചത്. പദ്ധതി ത്വരിതിയിൽ പൂർത്തിയാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. പദ്ധതിയുടെ ഭാഗമായി ഇതുവരെ താഴെ പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കി.

- ഡാറ്റാ സെന്റർ, കേന്ദ്രീകൃത ഉപഭോക്തൃ സേവന സംവിധാനം എന്നിവ സ്ഥാപിക്കൽ
- 27 നഗരങ്ങളിൽ പദ്ധതി ഭാഗികമായി പൂർത്തീകരണം
- 43 നഗരങ്ങളിലെ വിവര സാങ്കേതിക വിദ്യ ഘടകങ്ങൾ സ്ഥാപിക്കൽ
- 37 നഗരങ്ങളിലെ സമഗ്ര വിവര ഘടകങ്ങൾ വിശകലനം പൂർത്തിയാക്കൽ
- 23 നഗരങ്ങളിലെ മൊബൈൽ സേവനങ്ങൾ പുരോഗമിക്കുന്നു
- ഇവ കൂടാതെ 3 നഗരങ്ങളിലേക്കുള്ള സ്മാർട്ട് പദ്ധതി സമയബന്ധിതമായി പുരോഗമിക്കുകയാണ്.

കേന്ദ്ര സർക്കാർ ആവിഷ്കരിച്ച പുനരാവിഷ്കൃത ഗ്രാമീണ വികസന പരിഷ്കരണ പദ്ധതി പാർട്ട്-ബി (RAPDRP- Part.B)-ക്ക് 2010-ൽ അനുമതി ലഭിച്ചു. ഇതിൻപ്രകാരം 43 പട്ടണങ്ങളിൽ 1078 കോടി രൂപയുടെ പ്രവൃത്തികൾക്കാണ് അനുമതി ലഭിച്ചത്. ഇതിൽ നാളിതുവരെ 41 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തിയാക്കി.

(ബി) ആർ.എ.പി.ഡി.ആർ.പി.- പാർട്ട്-ബി-യുടെ ഭാഗമായിട്ടുള്ള വിവര സാങ്കേതിക വിദ്യ പദ്ധതികൾ മുഖേന വിതരണ മേഖലയുടെ സമഗ്രമായ കമ്പ്യൂട്ടർ വൽക്കരണം ലക്ഷ്യമിടുന്നു. കെ.എസ്.ഇ.ബി.എൽ.-ന്റെ എല്ലാ ഓഫീസുകളേയും ബന്ധിപ്പിച്ച് വിവരസാങ്കേതികവിദ്യ ഘടകങ്ങൾ സ്ഥാപിക്കുക, വിതരണ മേഖലയിലെ നവീകരണം ലക്ഷ്യമാക്കി കേന്ദ്രീകൃത സംവിധാനം നടപ്പിലാക്കാൻ വേണ്ടി ഡാറ്റാ സെന്റർ സ്ഥാപിക്കുക, ഉപഭോക്തൃ കാൾ സെന്റർ നടപ്പിലാക്കുക, വിവിധ തലങ്ങളിൽ മെച്ചപ്പെട്ട തീരുമാനങ്ങൾ എടുക്കുവാൻ സഹായകരമായ സംവിധാനം

LIBRARY ARCHIVES Kerala Legislative Assembly

(മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം) നടപ്പിലാക്കുക, ജി.ഐ.എസ് അടിസ്ഥാനപ്പെടുത്തി ഉപഭോക്താക്കളെ അടയാളപ്പെടുത്തി ആസ്തി രജിസ്റ്റർപ്പെടുത്തുക തുടങ്ങിയവ ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നതാണ്. സ്മാർട് പദ്ധതിയിൽ വിതരണ മേഖലയിലെ ഉപകരണങ്ങളുടെ കേന്ദ്രീകൃത നിയന്ത്രണവും അറ്റകുറ്റപ്പണി വൈദ്യുതി നഷ്ടങ്ങൾ പരമാവധി കുറയ്ക്കുന്നതിനും ലക്ഷ്യമിടുന്നു.

വൈദ്യുതി വിതരണരംഗം ആധുനികവത്കരിച്ച് പ്രസരണ-വിതരണ-വാണിജ്യ നഷ്ടം 15 ശതമാനത്തിൽ താഴെയാക്കി കുറയ്ക്കുന്നതിനും ഗുണമേന്മയുള്ള വൈദ്യുതി എല്ലാ ഉപഭോക്താക്കൾക്കും ലഭ്യമാക്കുവാനുമാണ് ഈ പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിൻപ്രകാരം പദ്ധതി പ്രദേശത്ത് ഈ പ്രവൃത്തികൾ ചെയ്യുന്ന മുറയ്ക്ക് പ്രസരണ-വിതരണ-വാണിജ്യ നഷ്ടം 15 ശതമാനത്തിൽ താഴെയാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) സമ്പൂർണ്ണ വൈദ്യുതീകരണത്തിനായുള്ള പ്രവൃത്തികൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ഡി) കേന്ദ്ര സർക്കാർ വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ സംസ്ഥാനങ്ങൾക്കുമായി 50,000 കോടി രൂപ ധനസഹായം നൽകുവാൻ നിർദ്ദേശം ചെയ്തിരിക്കുന്നു. കേൽപ്പുറഞ്ഞ തുകയിൽ എല്ലാ സംസ്ഥാനങ്ങൾക്കുമായി വൈദ്യുതി വിതരണ മേഖലയിൽ വിവര സാങ്കേതിക വിദ്യ നടപ്പിലാക്കുന്ന പദ്ധതിയിൽ 10,000 കോടി രൂപയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിനായി കേരളത്തിന് 214.38 കോടി രൂപ കേന്ദ്ര സഹായമായി അംഗീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ സ്മാർട പദ്ധതിക്കായി 83.15 കോടി രൂപയും കേന്ദ്ര സഹായമായി അംഗീകരിച്ചിട്ടുണ്ട്. RAPDRP-പാർട്ട്-ബി -യിൽ 1078 കോടി രൂപ അടങ്കൽ തുകയുള്ള പ്രവൃത്തികൾക്കാണ് കേന്ദ്ര സർക്കാർ അനുമതി നൽകിയത്. ഇതിൽ 25% വായ്പയായാണ് ലഭ്യമാക്കിയിട്ടുള്ളത്. പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്ക് ഈ വായ്പാതുക ഗ്രാന്റായി മാറുന്നതാണ്. പാർട്ട്-ബി-ക്കായി കേന്ദ്ര സർക്കാരിൽ നിന്നും നാളിതുവരെ 161.74 കോടി രൂപ ലഭിച്ചിട്ടുണ്ട്.

പുതിയ വൈദ്യുതി നിയമ ഭേദഗതി ബിൽ

9 (3162) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേന്ദ്ര ഗവൺമെന്റിന്റെ പുതിയ വൈദ്യുതി നിയമ ഭേദഗതി ബിൽ നടപ്പാക്കാൻ കെ.എസ്.ഇ.ബി.-യെ പൊതുമേഖലയിൽ നിലനിർത്താൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ; ആയതിന് സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly